

# ഖുർആനിലെ യുദ്ധനിയമങ്ങൾ

ഫസ്‌ലുർറഹ്മാൻ കൊടുവള്ളി

**സൈനികവിജയത്തിനുവേണ്ടി എന്തും ചെയ്യാൻ ഖുർആൻ അനുവദിക്കുന്നില്ല. അങ്ങനെ നേടുന്ന വിജയം യഥാർഥ വിജയമായി ഗണിക്കുന്നുമില്ല. മാനുഷികപരിഗണനകളും മൂല്യബോധവും യുദ്ധത്തിലും കൈയൊഴിച്ചുകൂടാ**

മാനവതയുടെ മാർഗദർശനത്തിനായി ദൈവം നൽകിയ ജീവിതവ്യവസ്ഥയെന്ന നിലയിൽ ഇസ്‌ലാം സമാധാനം നിറഞ്ഞ ഒരു ലോകത്തിന്റെ പിറവിയിലേക്കാണ് ഉറ്റു നോക്കുന്നത്. സത്യത്തിലും സമാധാനത്തിലും അധിഷ്ഠിതമായ ഒരു ജീവിതവ്യവസ്ഥ എന്ന നിലയിൽ സംഘർഷങ്ങളും സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലുമെല്ലാം ഇസ്‌ലാമിന്റെ പ്രകൃതിയോടുതന്നെ വിയോജിക്കുന്ന കാര്യങ്ങളത്രെ. നീതി വിളയുന്ന, ശാന്തി തുളുമ്പുന്ന ലോകക്രമവും സാമൂഹികനീതിയുമാണ് ഇസ്‌ലാമിന്റെ ലക്ഷ്യം. എന്നാൽ, അഹിംസയെ യുക്തിരഹിതമായ ഒരു ശാഠ്യമായി അത് സ്വീകരിക്കുന്നില്ല. വലിയ ഹിംസയെ തടയാൻ ചെറിയ ഹിംസ ആവശ്യമെങ്കിൽ അതനുവർത്തിക്കാൻ ഇസ്‌ലാം അനുവദിക്കുന്നു, അല്ല കൽപിക്കുന്നു. ഇസ്‌ലാമിന്റെ മൂല്യപ്രതിബദ്ധതയുടെയും സമാധാനകാംക്ഷയുടെയും നിദർശനമാണത്. മനുഷ്യന്റെ മൗലികാവകാശങ്ങൾ ഇസ്‌ലാമിന്റെ വീക്ഷണത്തിൽ ഏറെ പവിത്രങ്ങളാണ്. പീഡനങ്ങളും കലാപങ്ങളും അവയ്ക്കെതിരായ കൈയേറ്റമാണ്. ദൈവത്തിന്റെ മാത്രം അടിമകളായ മനുഷ്യരെ മറ്റു മനുഷ്യർ ഹിംസിക്കുന്നതും അടിച്ചമർത്തുന്നതും ചൂഷണം ചെയ്യുന്നതും അധർമമാണ്. മനുഷ്യന്റെ മൗലികാവകാശമായ സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്, മനുഷ്യന്റെ ദൈവംചമയലാണ്. ഇത്തരം അധർമങ്ങൾ തടയാൻ നിർബന്ധിതസാഹചര്യങ്ങളിൽ യുദ്ധംവരെയുള്ള നടപടികൾ അവലംബിക്കാൻ അതു വിശ്വാസികളോടാവശ്യപ്പെടുന്നു.

## യുദ്ധം വിലക്കപ്പെട്ട ഘട്ടം

പ്രവാചകന്റെ നീണ്ട പതിമൂന്നു വർഷക്കാലത്തെ മക്കയിലെ ജീവിതത്തിൽ യുദ്ധം തീർത്തും നിഷിദ്ധമായിരുന്നു. യുക്തിദീക്ഷയോടെയുള്ള പ്രബോധനപ്രവർത്തനങ്ങളാണ് അന്ന് അനുശാസിക്കപ്പെട്ടിരുന്നത്. പ്രവാചകൻ(സ) സമൂഹമധ്യത്തിലിറങ്ങി ഇസ്‌ലാം പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോൾ കല്ലേറും കൂക്കുവിളിയും പരിഹാസവും മർദനമുറകളുമാണ് അദ്ദേഹത്തെ എതിരേറ്റത്. ഇസ്‌ലാംവിരോധികളുടെ പീഡനങ്ങളിൽ പല പ്രവാചകശിഷ്യന്മാരും രക്തസാക്ഷികളായി. പ്രവാചകനെത്തന്നെ കല്ലെറിയുകയും വധിക്കാൻ തുനിയുകയും ചെയ്തു. എല്ലാം അക്ഷോഭ്യരായി സഹിക്കുകയായിരുന്നു അവർ. മർദനങ്ങൾക്ക് തിരിച്ചടി നൽകണമെന്ന ചിന്തയേ അവരിലുദിച്ചിരുന്നില്ല. സഹനസമരത്തിലൂടെ ആശയപ്രചാരണമാർഗത്തിലുറച്ചുനിൽക്കാനായിരുന്നു ദൈവാജ്ഞ.

ഒടുവിൽ, എതിരാളികളുടെ മർദനപീഡനങ്ങൾ അസഹ്യമാവുകയും മക്കയിൽ ഒരു സാമൂഹികപരിവർത്തനം അസാധ്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തപ്പോൾ പ്രവാചകനും ശിഷ്യന്മാരും യസ്‌രിബിലേക്ക് പലായനംചെയ്തു. അവിടെ അദ്ദേഹം ഉജ്ജ്വലമായി സ്വാഗതം ചെയ്യപ്പെട്ടു. പ്രവാചകന്റെ ആഗമനത്തോടെ യസ്‌രിബ്, മദീനത്തുന്നബി (പ്രവാചകന്റെ പട്ടണം)യായിമാറി. അവിടെ ഒരു വ്യവസ്ഥാപിത ഇസ്‌ലാമികഭരണകൂടവും രാഷ്ട്രക്രമവും നിലവിൽവന്നു. എന്നാൽ, ഇസ്‌ലാമിന്റെ ബദ്ധവൈരികളായ ഖുറൈശികൾ ഇസ്‌ലാമിക സമൂഹത്തിന് മദീനയിലും സ്വൈര്യം നൽകിയില്ല. കുതന്ത്രങ്ങളിലൂടെയും ഭീഷണികളിലൂടെയും മദീനയുടെ രാഷ്ട്രഘടനയെയും ഇസ്‌ലാമികൈക്യത്തെയും തകർത്തെറിയാൻ അവർ കുത്സിതനീക്കങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ഇസ്‌ലാമികസമൂഹത്തിന് ശത്രുക്കൾക്കെതിരിൽ യുദ്ധത്തിന് ഖുർആൻ അനുവാദം നൽകുന്നത്: "ആർക്കെതിരിൽ യുദ്ധം നടത്തപ്പെടുന്നുവോ അവർക്ക് അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ മർദിതരാകുന്നു. അല്ലാഹു അവരെ സഹായിക്കാൻ തികച്ചും കഴിവുറ്റവൻ തന്നെ. സ്വഗേഹങ്ങളിൽനിന്ന് അന്യായമായി കുടിയിറക്കപ്പെട്ടവരാണവർ. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാകുന്നു' എന്ന് പ്രഖ്യാപിച്ചതു മാത്രമായിരുന്നു അവരുടെ കുറ്റം. അല്ലാഹു ജനങ്ങളിൽ ഒരു

വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് പ്രതിരോധിച്ചുകൊണ്ടിരിക്കുന്നില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും പള്ളികളും തകർക്കപ്പെട്ടുപോകുമായിരുന്നു. അല്ലാഹുവിനെ സഹായിക്കുന്നവരെ അവൻ സഹായിക്കുകതന്നെ ചെയ്യും. അല്ലാഹു അതിശക്തനും പ്രതാപവാനുമല്ലോ" (22: 39,40). യുദ്ധത്തിനനുവാദം നൽകി ആദ്യമവതരിച്ച വിശുദ്ധവചനമാണിത്. ഹിജ്റ ഒന്നാം വർഷം ദുൽഹജ്ജ് മാസത്തിലാണ് ഇതിന്റെ അവതരണം. എന്തുകൊണ്ട് യുദ്ധാനുമതി നൽകപ്പെട്ടു എന്ന ചോദ്യത്തിന്റെ ഉത്തരം ഈ സൂക്തമുൾക്കൊള്ളുന്നുണ്ട്. ആർക്കാണോ യുദ്ധത്തിന് അനുവാദം നൽകപ്പെട്ടത് അവർ മർദിതരാണ് എന്നതാണ് അതിനു ഖുർആൻ ചൂണ്ടിക്കാട്ടുന്ന ഒന്നാമത്തെ ന്യായം. മർദിതർക്ക് മർദകവിഭാഗത്തിനെതിരെ തിരിച്ചടിക്കാനുള്ള ന്യായമായ അവകാശം സ്ഥാപിച്ചുകൊടുക്കുകയാണ് ഖുർആൻ ഈ സൂക്തങ്ങളിലൂടെ. ഇതര ജനതകളെ മതംമാറ്റുന്നതിനോ അവരുടെ രാജ്യം കീഴടക്കുന്നതിനോ വേണ്ടിയല്ല ഖുർആൻ യുദ്ധത്തിനനുമതി നൽകുന്നത് എന്ന യാഥാർഥ്യം ഇവിടെ അടിവരയിട്ട് മനസ്സിലാക്കേണ്ടതാണ്. ആത്മരക്ഷയ്ക്കും സ്വന്തം ആദർശവിശ്വാസമനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനും വേണ്ടിയായിരുന്നു ഈ യുദ്ധാനുമതി.

അക്രമികളെ യഥേഷ്ടം വിളയാടാൻ വിടുകയെന്നത് ദൈവികനടപടിക്രമത്തിന്റെ ഭാഗമല്ല. അങ്ങനെ വരുമ്പോൾ അധികാരകേന്ദ്രങ്ങളും വ്യവസായസ്ഥാപനങ്ങളും രാഷ്ട്രീയദർബാറുകളും ആരാധനാലയങ്ങൾപോലും തകർക്കപ്പെടുമെന്നതിനാൽ, അക്രമികളെ മറ്റു വിഭാഗങ്ങളാൽ പ്രതിരോധിച്ചുകൊണ്ടിരിക്കുക എന്നതിനെയാണ് തന്റെ ചര്യയായി ദൈവം നിശ്ചയിച്ചത്. ഈ ആശയം സൂറഃ *അൽബഖറ*യിൽ അല്ലാഹു ഇപ്രകാരം വ്യക്തമാക്കി: "ജനങ്ങളിൽ ഒരുകൂട്ടരെ മറ്റൊരു കൂട്ടരെക്കൊണ്ട് അല്ലാഹു പ്രതിരോധിക്കുന്നില്ലായിരുന്നെങ്കിൽ ഭൂലോകം അമ്പേ താറുമാറായിപ്പോകുമായിരുന്നു. പക്ഷേ, അല്ലാഹു ലോകരോട് മഹത്തായ കാരുണ്യമുള്ളവനത്രെ" (2:251).

യുദ്ധാനുമതി നൽകിയശേഷം ഹിജ്റ രണ്ടാം വർഷം നടന്ന ബദ്ർയുദ്ധത്തോടനുബന്ധിച്ച് യുദ്ധസജ്ജരാകാൻ ആഹ്വാനം ചെയ്തുകൊണ്ടവതരിച്ച സൂക്തങ്ങളിലും പ്രതിരോധാശയം മുന്നിട്ടുനിൽക്കുന്നതുകാണാം: "നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, അതിക്രമം അനുവർത്തിക്കരുത്. കാരണം അതിക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിങ്ങളവരുമായി ഏറ്റുമുട്ടുന്നത് എവിടെവച്ചായാലും അവരോട് പോരാടുക. അവർ നിങ്ങളെ നിഷ്കാസനം ചെയ്തത് എവിടെനിന്നാണോ അവിടെനിന്ന് നിങ്ങൾ അവരെയും നിഷ്കാസനം ചെയ്യുക. എന്തുകൊണ്ടെന്നാൽ കുഴപ്പവും നാശവും സൃഷ്ടിക്കുന്നത് കൊലയേക്കാൾ ക്രൂരമാകുന്നു. അവർ നിങ്ങളോട് യുദ്ധം ചെയ്യാത്തേടത്തോളം കാലം മസ്ജിദുൽഹറാമിനടുത്തുവച്ച് നിങ്ങളവരോടും യുദ്ധം ചെയ്യരുത്. പക്ഷേ, അവിടെവച്ചും നിങ്ങളോട് യുദ്ധം ചെയ്യാൻ അവർ മടിക്കുന്നില്ലെങ്കിലോ, നിസ്സങ്കോചം നിങ്ങളവരോടും പോരാടുക" (2:190,191).

മദീനയിൽ രൂപംകൊണ്ട ഇസ്‌ലാമികരാഷ്ട്രത്തിന് ആരംഭം മുതലേ സുദീർഘമായ യുദ്ധാവസ്ഥയെ നേരിടേണ്ടിവന്നു. ആദ്യം മക്കയിലെ ഖുറൈശികൾ അക്രമിച്ചു. പിന്നീട് മറ്റു അറബ്ഗോത്രങ്ങളുടെയും യഹൂദരുടെയും ആക്രമണങ്ങൾ നേരിടേണ്ടിവന്നു. അതെല്ലാം കുറേ ഒതുങ്ങിയപ്പോഴേക്കും റോമാസാമ്രാജ്യത്തിന്റെ ആക്രമണം വന്നു. ഇവയെയൊക്കെ പ്രതിരോധിക്കുന്നതിന് ഖുർആൻ അനേകം തവണ വിശ്വാസികളെ യുദ്ധത്തിന് ആഹ്വാനം ചെയ്യുന്നുണ്ട്. അന്നത്തെ സാഹചര്യത്തിൽ എല്ലാ ആഹ്വാനങ്ങളിലും പ്രതിരോധം പ്രത്യേകം പരാമർശിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അത് അവരുടെ മുന്നിലുള്ള യാഥാർഥ്യമായിരുന്നു. അത്തരം സൂക്തങ്ങളെ സന്ദർഭത്തിൽനിന്നടർത്തിയെടുത്ത് ഹിംസോത്സുക യുദ്ധാഹ്വാനമായി ചില വിമർശകർ ഉന്നയിക്കാറുണ്ട്. അവയുടെ ചരിത്രപശ്ചാത്തലം മനസ്സിലാക്കുന്നവർക്ക് അതിന്റെ യാഥാർഥ്യം നിഷ്പ്രയാസം മനസ്സിലാകുന്നതാണ്.

ജനങ്ങളെ അടിമകളാക്കിവച്ച് മർദിച്ചവശരാക്കുന്ന വിധ്വംസകശക്തികളിൽനിന്ന് പീഡിതവർഗത്തെ വിമോചിപ്പിക്കുക എന്നതും യുദ്ധം ആവശ്യമായിത്തീരുന്ന സന്ദർഭമായി ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്. അത്തരം യുദ്ധങ്ങളെയും ദൈവികമാർഗത്തിലുള്ള യുദ്ധമായിട്ടാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്: "ആർ ദൈവികസരണിയിൽ യുദ്ധം ചെയ്യുകയും അങ്ങനെ വധിക്കപ്പെടുകയോ വിജയിക്കുകയോ ചെയ്യുകയും ചെയ്യുന്നുവോ അവന് നാം അതിമഹത്തായ പ്രതിഫലം നൽകുന്നതാകുന്നു. പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിന് എന്തുണ്ട് ന്യായം? ആ ജനമോ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു: നാഥാ, മർദകരായ നിവാസികളുടെ ഈ നാട്ടിൽനിന്ന് ഞങ്ങളെ മോചിപ്പിക്കേണമേ, നിന്റെ പക്കൽനിന്ന് ഞങ്ങൾക്ക് ഒരു രക്ഷകനെ നിശ്ചയിച്ചുതരേണമേ, നീ ഞങ്ങൾക്ക് ഒരു സഹായിയെ നിശ്ചയിച്ചുതരേണമേ" (4: 74,75).

## യുദ്ധലക്ഷ്യം

മർദിതരുടെ വിമോചനവും സാമൂഹികനീതിയുടെ സാക്ഷാത്കാരവും നന്മയുടെ സംസ്ഥാപനവുമാണ് ഖുർആൻ ആവശ്യപ്പെടുന്ന യുദ്ധത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യങ്ങൾക്കു വേണ്ടിയുള്ള യുദ്ധമേ ദൈവമാർഗത്തിലെ സമരമാവുകയുള്ളൂ. ഇതല്ലാത്ത സാമ്പത്തികമോ രാഷ്ട്രീയമോ ആയ താൽപര്യങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന യുദ്ധവുമായി ഇസ്‌ലാമിന് യാതൊരു ബന്ധവുമില്ല. അവയെ പൈശാചിക മാർഗത്തിലെ യുദ്ധമായാണ് ഇസ്‌ലാം ഗണിക്കുന്നത്. പൈശാചിക മാർഗത്തിൽ യുദ്ധം ചെയ്യുന്ന പിശാചിന്റെ കൂട്ടാളികൾക്കെതിരിലുള്ളതാണ് ഇസ്‌ലാമിലെ യുദ്ധം. ഖുർആൻ പറയുന്നു: "വിശ്വസിച്ചവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. നിഷേധികളാവട്ടെ ദൈവേതരദുശ്ശക്തികളുടെ മാർഗത്തിലും യുദ്ധം ചെയ്യുന്നു. അതിനാൽ നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് സമരം ചെയ്യുവിൻ. അറിഞ്ഞിരിക്കുവിൻ, പിശാചിന്റെ തന്ത്രം സത്യത്തിൽ അതീവ ദുർബലമാകുന്നു" (4:76).

ഇസ്‌ലാമിലെ യുദ്ധത്തിന്റെ ലക്ഷ്യത്തെയും സവിശേഷതകളെയും കുറിച്ച് മൗലാനാ സ്വദ്റുദ്ദീൻ ഇസ്‌ലാഹി എഴുതുന്നു: "ഭരണകൂടം സ്ഥാപിക്കലും ആധിപത്യം അരക്കിട്ടുറപ്പിക്കലും സമ്പത്ത് വാരിക്കൂട്ടലുമൊക്കെ ലക്ഷ്യമായ യുദ്ധത്തെക്കുറിച്ചേ ലോകത്തിനറിയുമായിരുന്നുള്ളൂ. എന്നാൽ, ഇസ്‌ലാം യുദ്ധലക്ഷ്യം അടിമുടി തിരുത്തിക്കുറിച്ചു. വൈയക്തികവും സാമുദായികവുമായ സ്വാർഥമോഹങ്ങളുടെ മാലിന്യങ്ങളിൽനിന്ന് അതിനെ ശുദ്ധീകരിച്ച് മാനവതയുടെ പുരോഗതിക്ക് നിദാനമായ ഉന്നതമായ ആരാധനയെന്ന പദവി അതിനു നൽകി. അതുമാത്രമല്ല, ഭരണമോ സമ്പത്തോ കരഗതമാക്കാൻ വാളെടുക്കുന്നത് അക്രമവും വൻപാപവുമാണെന്നും അത് മനുഷ്യത്വത്തിനും ധാർമികതയ്ക്കും നിരക്കാത്തതാണെന്നും ഇസ്‌ലാം സിദ്ധാന്തിച്ചു. തിന്മകൾക്കു വേണ്ടിയല്ല, നന്മയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും വേണ്ടിയുള്ളതാണ് ഇസ്‌ലാമിലെ യുദ്ധം. യുദ്ധം ചെയ്യുന്നവരുടെ യഥാർഥ ലക്ഷ്യം ദൈവപ്രീതിയാവണം. അവർ നന്മയെ സ്നേഹിക്കുന്നവരും തിന്മയുടെ ബദ്ധവൈരികളുമായിരിക്കണം. ഭൂമിയിൽനിന്ന് കുഴപ്പം അമർച്ച ചെയ്യുകയും അസത്യം വേരോടെ പിഴുതെറിയുകയുമാവണം അവരുടെ മുഖ്യഉന്നം. ഈ ലക്ഷ്യങ്ങളാവട്ടെ, ഭൗതികതാൽപര്യങ്ങളിൽനിന്ന് പരിപൂർണ മുക്തവുമാവണം. ശത്രുക്കൾക്കെതിരിൽ യുദ്ധരംഗത്ത് അണിനിരക്കുന്നത് വ്യക്തിപരമോ സാമുദായികമോ ആയ വിദ്വേഷം മൂലമാവ

രുത്, ശത്രുക്കളുടെ സത്യത്തോടുള്ള ശത്രുത മുൻനിർത്തിയാവണം. ഇഹലോകം നേടലല്ല, പരലോകം സമ്പാദിക്കലാണ് യുദ്ധത്തിന്റെയും ആത്യന്തികലക്ഷ്യം. അതിനിടയിൽ മനുഷ്യജീവനുകൾ നഷ്ടപ്പെട്ടെന്നിരിക്കാം. എന്നാലത് യഥാർഥത്തിൽ മാനവതയ്ക്ക് ജീവൻനൽകലാണ്. ഇസ്‌ലാം യുദ്ധത്തിന് ഉദാത്തവും മഹോന്നതവും സമ്പൂർണവുമായ ലക്ഷ്യം വിഭാവന ചെയ്യുക മാത്രമല്ല ചെയ്തത്. ഇസ്‌ലാമിലെ യുദ്ധലക്ഷ്യത്തെ ഏറ്റവും മനോഹരമായി പ്രകാശനം ചെയ്യുന്ന ഉചിതമായ നാമവും നൽകുകയുണ്ടായി- അതാണ് 'ദൈവമാർഗത്തിലെ സമരം' എന്നത്" (*മഅ്റകയേ ഇസ്‌ലാം വ ജാഹിലിയ്യത്ത്*: പേജ്: 94-95).

അന്നോളം ആർക്കും പരിചയമില്ലാത്ത ഒരു പുതിയ ആശയമായിരുന്നു, ഖുർആൻ യുദ്ധലക്ഷ്യമായി സമർപ്പിച്ചത്. ആ ലക്ഷ്യത്തിന്റെ പരിശുദ്ധിയും ഔന്നത്യവും വിളിച്ചോതുന്ന ഒരു സംഭവം: പ്രവാചകന്റെ നാലാം ഖലീഫയായിരുന്ന അലി(റ) ഒരിക്കൽ യുദ്ധത്തിൽ ഒരു ശത്രുവിനെ വധിക്കാൻ വാളോങ്ങി. ശത്രു പൊടുന്നനെ അദ്ദേഹത്തിന്റെ മുഖത്തേക്ക് കാർക്കിച്ചുതുപ്പി. അലി(റ) ഉടൻ വെട്ടാനോങ്ങിയ വാൾ പിൻവലിച്ചു. പ്രതിയോഗി അതിന്റെ കാരണമാരാഞ്ഞപ്പോൾ അലി(റ) പറഞ്ഞു: "സത്യത്തിനു വേണ്ടിയായിരുന്നു ഞാൻ നിന്നെ വെട്ടാനാഞ്ഞത്. നീ എന്റെ മുഖത്ത് തുപ്പിയതോടെ, ആ അപമാനത്തിനുള്ള പ്രതികാരദാഹമാണ് എന്നിൽ മുന്നിട്ടുനിന്നത്. ഈയവസ്ഥയിൽ ഞാൻ നിന്നെ വധിച്ചാൽ അതെനിക്കുതന്നെ എതിരായി ഭവിക്കുകയാണ് ചെയ്യുക". മറ്റെല്ലാ വിഭാഗങ്ങളുടെയും നാഗരികതകളുടെയും യുദ്ധവീക്ഷണങ്ങളിൽനിന്ന് ഇസ്‌ലാമിന്റെ യുദ്ധസങ്കൽപം വേർതിരിഞ്ഞു നിൽക്കുന്നത് ഇവിടെ വ്യക്തമായികാണാം. മറ്റൊരിക്കൽ ഒരാൾ പ്രവാചകനെ സമീപിച്ച് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ദൈവമാർഗത്തിലെ സമരം ആഗ്രഹിക്കുന്നതോടൊപ്പം യുദ്ധമുതലുകൾകൂടി കൊതിക്കുന്ന ഒരു പോരാളിയെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?". "അയാൾക്ക് യാതൊരു പുണ്യവുമില്ല"- പ്രവാചകന്റെ ഖണ്ഡിതമായ മറുപടി.

അനിവാര്യസാഹചര്യങ്ങളിൽ യുദ്ധം ചെയ്യേണ്ടിവന്നാൽതന്നെ അത് ഉന്നത മാനവികമൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടുവേണം നടത്താൻ എന്ന് ഇസ്‌ലാം അനുശാസിച്ചിരിക്കുന്നു. സൈനികവിജയത്തിനുവേണ്ടി എന്തും ചെയ്യാൻ ഖുർആൻ അനുവദിക്കുന്നില്ല. അങ്ങനെ നേടുന്ന വിജയം യഥാർഥ വിജയമായി ഗണിക്കുന്നുമില്ല. മാനുഷികപരിഗണനകളും മൂല്യബോധവും യുദ്ധത്തിലും കൈയൊഴിച്ചുകൂടാ. കുട്ടികളെയും സ്ത്രീകളെയും വൃദ്ധജനങ്ങളെയും വധിക്കുകയോ അംഗവിഛേദം വരുത്തുകയോ ചെയ്യരുതെന്ന് പ്രവാചകൻ കർശനമായി വിലക്കിയിരുന്നു. ശത്രുപക്ഷത്തെ സിവിലിയന്മാരെ കൊള്ളചെയ്യുന്നതും രണഭൂമിയിൽ ഒറ്റപ്പെട്ടുപോയ ശത്രുഭടനെ വധിക്കുന്നതും അദ്ദേഹം വിലക്കി. യുദ്ധം ചെയ്യാൻ നിശ്ചയിച്ച രാജ്യത്തിനുമേൽ പൊടുന്നനെയും മുന്നറിയിപ്പില്ലാതെയും ആക്രമണമഴിച്ചുവിടുന്നതും ഫലം തരുന്ന വൃക്ഷലതാദികൾ വെട്ടിനശിപ്പിക്കുന്നതും പക്ഷിമൃഗാദികളെ ഹിംസിക്കുന്നതുമെല്ലാം വിലക്കി.

*ഖിതാൽ* എന്ന സാങ്കേതിക പദപ്രയോഗം കുറിക്കുന്നത് ധർമയുദ്ധത്തെയാണ്. അധർമത്തെയും പീഡനങ്ങളെയും ഇല്ലായ്മചെയ്യാൻ മറ്റൊരു മാർഗവും ഇല്ലാതെവരുമ്പോഴുള്ള അറ്റകൈപ്രയോഗമാണ് യുദ്ധം. ഈ യുദ്ധം നടത്തേണ്ടതാകട്ടെ, വ്യക്തികളോ അനൗദ്യോഗിക സംഘടനകളോ അല്ല. ഇസ്‌ലാമിന്റെ വീക്ഷണപ്രകാരം ഇസ്‌ലാമികരാഷ്ട്രത്തിന്റെ ഭരണകൂടത്തിനു മാത്രമേ സായുധസമരം പ്രഖ്യാപിക്കാൻ അനുവാദമുള്ളൂ.

## യുദ്ധം ആരോട്?

ഇസ്‌ലാമിനെ നാമാവശേഷമാക്കാൻ കച്ചകെട്ടിയിറങ്ങിയവരും കലാപകാരികളും ഭീകരവാദികളുമായ ധർമവിരോധികളുമാണ് ഖുർആന്റെ യുദ്ധാഹ്വാനത്തിന്റെ പരിധിയിൽവരുന്നത്. ഇത്തരക്കാരല്ലാത്ത ഏതു മതസ്ഥരോടുമുള്ള സമീപനം സ്നേഹസാഹോദര്യത്തിലധിഷ്ഠിതമാണ്. അവർ ഇസ്‌ലാമികരാഷ്ട്രത്തിന്റെ സംരക്ഷണവും സഹായവും അർഹിക്കുന്നവരുമാണ്.

ഹിജ്റ ഏഴാംവർഷം മക്കയിലെ ബഹുദൈവവിശ്വാസികളും മദീനയിലെ മുസ്‌ലിംകളും തമ്മിൽ ഹുദൈബിയയിൽവച്ച് ഉണ്ടാക്കിയ, പത്തുവർഷത്തേക്കുള്ള യുദ്ധമില്ലാകരാർ ധാർഷ്ട്യപൂർവം ലംഘിച്ച മക്കാമുശ്രിക്കുകളുടെ നടപടി അത്യന്തം പ്രകോപനപരമായിരുന്നു. പ്രസ്തുത കൃത്യം മാപ്പോ നീതീകരണമോ അർഹിക്കുന്നതായിരുന്നില്ല. എന്നിട്ടും ധിക്കാരികളായ കരാർലംഘകർക്ക് തീരുമാനം പുനഃപരിശോധിക്കാൻ നാലു മാസത്തെ സാവകാശം നൽകുകയാണ് ഖുർആൻ ചെയ്തത് (9:1,2).

എന്നാൽ, കരാർലംഘകരോടുള്ള ഖുർആന്റെ പൊതുസമീപനം കർക്കശമാണ്: "കരാർ ചെയ്തശേഷം അവർ പ്രതിജ്ഞകൾ ലംഘിക്കുകയും നിങ്ങളുടെ ദീനിനെ അവഹേളിക്കുന്നതിലേർപ്പെടുകയും തന്നെയാണെങ്കിൽ സത്യനിഷേധത്തിന്റെ ആ നായകരോട് സമരം ചെയ്തുകൊള്ളുക. എന്തുകൊണ്ടെന്നാൽ അവരുടെ പ്രതിജ്ഞകൾക്ക് യാതൊരു വിലയുമില്ല (യുദ്ധനടപടികൾ കൊണ്ടെങ്കിലും) അവർ വിരമിച്ചെങ്കിലോ. സ്വന്തം പ്രതിജ്ഞകൾ ലംഘിച്ചുകൊണ്ടിരിക്കുകയും ദൈവദൂതനെ നാട്ടിൽനിന്ന് പുറത്താക്കാനൊരുമ്പെടുകയും ചെയ്യുന്ന ഒരു ജനതയോട് നിങ്ങൾ സമരം ചെയ്യുന്നില്ലെന്നോ, അക്രമം തുടങ്ങിയത് അവർതന്നെയായിരുന്നിട്ടും? നിങ്ങളവരെ ഭയപ്പെടുന്നുവോ? നിങ്ങൾ വിശ്വാസികളാണെങ്കിൽ, അല്ലാഹുവാകുന്നു അവരേക്കാൾ കൂടുതൽ ഭയപ്പെടാനർഹൻ" (9: 12,13).

മുസ്‌ലിംകളുമായി സമാധാനസന്ധിയിലേർപ്പെടുന്നവരോ സന്ധിയൊന്നുമില്ലെങ്കിലും സമാധാനത്തിലും സൗഹാർദത്തിലും വർത്തിക്കുന്നവരോ ആയ സമൂഹങ്ങൾക്കെതിരെ ഒരിക്കലും ആയുധമെടുക്കാൻ ഖുർആൻ അനുവദിച്ചിട്ടില്ല: "നിങ്ങളുമായി കരാറിലേർപ്പെടുകയും എന്നിട്ട് അതു പാലിക്കുന്നതിൽ വീഴ്ചയൊന്നും ചെയ്യാതിരിക്കുകയും നിങ്ങൾക്കെതിരായി നിങ്ങളുടെ ശത്രുക്കളെ സഹായിക്കാതിരിക്കുകയും ചെയ്ത ബഹുദൈവവിശ്വാസികളോട് നിങ്ങളും കരാർ പാലിക്കുന്നവരായിരിക്കുക. എന്തുകൊണ്ടെന്നാൽ സൂക്ഷ്മതയുള്ളവരെയത്രെ അല്ലാഹു ഇഷ്ടപ്പെടുന്നത്" (9:4), "മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളെ ഗേഹങ്ങളിൽനിന്ന് ആട്ടിയോടിച്ചിട്ടില്ലാത്തവരുമായ ആളുകളോട് നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു വിലക്കുകയില്ല. നിശ്ചയം, നീതിനിഷ്ഠയുള്ളവരെ അല്ലാഹു സ്നേഹിക്കുന്നു" (60:8).

## യുദ്ധം സമാധാനത്തിനുവേണ്ടി

മതസ്വാതന്ത്ര്യനിഷേധവും കലാപങ്ങളും അവസാനിച്ച് സമാധാനം സ്ഥാപിതമാകുന്നേടത്ത് ഇസ്‌ലാമിന്റെ യുദ്ധവും നിലയ്ക്കുന്നു. നിർബന്ധിതസാഹചര്യങ്ങളിൽ യുദ്ധങ്ങൾ അനിവാര്യമായി വന്നപ്പോഴും ഏതു സാഹചര്യത്തിലും നീതിപാലിക്കണമെന്ന ഖുർആന്റെ ശാസന മാനിച്ചുകൊണ്ട് ജീവനഷ്ടം പരമാവധി കുറക്കാൻ ഇസ്‌ലാമികസമൂഹം ശ്രമിച്ചുപോന്നു. പ്രവാചകന്റെ കാലത്തു നടന്ന എല്ലാ യുദ്ധങ്ങളിലുമായി 259 വിശ്വാസികളും 759 അവിശ്വാസികളും ഉൾപ്പെടെ ആകെ 1018 പേരേ കൊല്ലപ്പെട്ടിട്ടുള്ളൂ.

യുദ്ധത്തോടുള്ള ഇസ്‌ലാമിന്റെ സമീപനം സാഹചര്യങ്ങൾക്കും കാലത്തിനുമനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതാണ്. യുദ്ധം തീർത്തും നിഷിദ്ധവും അനുവദനീയവും നിർബന്ധവുമായ വിവിധ സാഹചര്യങ്ങളിലൂടെ ഇസ്‌ലാമികസമൂഹം കടന്നുപോയിട്ടുണ്ട്. യുദ്ധമില്ലാത്ത ഒരു ലോകവും സാമൂഹികസാഹചര്യവും ലക്ഷ്യംവച്ചുള്ളതാണ് ഖുർആൻ കൽപിക്കുന്ന യുദ്ധം. ■